# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2576** **12.02.2019-ൽ മറുപടിയ്ക്ക്**

**ഭവനരഹിതരായ പട്ടികവിഭാഗങ്ങൾ**

**ചോദ്യം**

**ശ്രീ.എം. രാജഗോപാലൻ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവനരഹിതരായ പട്ടികവിഭാഗങ്ങളിൽ എത്രപേർക്കാണ് വീട് വച്ച് നൽകിയിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | എ) | ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. നടപ്പ് വർഷം മുതൽ ലൈഫ് പദ്ധതിയിൻ കീഴിൽ ഭവനനിർമ്മാണ പദ്ധതി ഏറ്റെടുത്ത് വരുന്നു. |
| ബി) | ഇനിയും എത്രപേർ ഭവനരഹിതരായിട്ടുണ്ടെന്നും മുഴുവൻ പേർക്കും എപ്പോൾ വീട് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | ബി) | ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടിക പ്രകാരം സംസ്ഥാനത്ത് 22648 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം 15168 പട്ടികവർഗ്ഗക്കാർ ഭവനരഹിതരായുണ്ട്. ആയതിൽ 6025 പേർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഭവനരഹിതരായ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും ലൈഫ് മിഷൻ പദ്ധതിമുഖേന വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**ഭവനനിർമ്മാണ ധനസഹായം അനുവദിച്ചവരുടെ ജില്ല തിരിച്ചുള്ള എണ്ണം**

| ക്രമ നം. | ജില്ല | പട്ടികജാതി വികസന വകുപ്പ് | പട്ടികവർഗ്ഗ വികസന വകുപ്പ് |
|---|---|---|---|
| 1 | തിരുവനന്തപുരം | 2671 | - |
| 2 | കൊല്ലം | 2460 | - |
| 3 | പത്തനംതിട്ട | 1358 | - |
| 4 | ആലപ്പുഴ | 1589 | - |
| 5 | കോട്ടയം | 1214 | - |
| 6 | ഇടുക്കി | 994 | - |
| 7 | എറണാകുളം | 2177 | - |
| 8 | തൃശ്ശൂർ | 2610 | 47 |
| 9 | പാലക്കാട് | 3319 | 1040 |
| 10 | മലപ്പുറം | 2422 | 92 |
| 11 | കോഴിക്കോട് | 1570 | 12 |
| 12 | വയനാട് | 312 | 5454 |
| 13 | കണ്ണൂർ | 638 | 24 |
| 14 | കാസറഗോഡ് | 467 | 40 |
| | **ആകെ** | **23801** | **6709** |

Hari

**സെക്ഷൻ ഓഫീസർ**